## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 242

10.03.2017-ൽ മറുപടിക്ക്

### നെൽവയൽ തണ്ണീർത്തട സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>,, എ. പ്രദീപ്കുമാർ<br>,, പി. ഉണ്ണി<br>,, ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള അനധികൃത പരിവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള 3 എ ഭേദഗതി പിൻവലിക്കുന്നതിന് നിയമ നിർമ്മാണം നടത്തിയിട്ടുള്ളതാണ്. കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നിലം/ തണ്ണീർത്തടം എന്ന വിഭാഗ ത്തിൽ ഉൾപ്പെടാത്തതും ടി നിയമ ത്തിലെ നിലം, തണ്ണീർത്തടം എന്നിവ യുടെ നിർവ്വചനങ്ങളിൽ പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം അഥവാ തത്തുല്യപദങ്ങളിൽ രേഖപ്പെടു ത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഭൂ ഉടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് അനുമതിക്കായി ലഭിക്കുന്ന അപേക്ഷ കളിൽ കെ.എൽ.യു ഉത്തരവ് ക്ലോസ് |

(6) പ്രകാരം ജില്ലാ കളക്ടർ/ആർ.ഡി.ഒ വീട് നിർമ്മാണത്തിനായി മാത്രം പഞ്ചായത്തിൽ 10 സെന്റും, മുനിസിപ്പാലിറ്റി/ കോർപ്പ റേഷനിൽ 5 സെന്റും ഭൂമി നടപടി ക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട വില്ലേജാഫീസർ, കൃഷി ആഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച ശേഷം അനുമതി നൽകാവുന്നതാണ് എന്ന് 22.12.2016-ലെ 46848/പി1/2016/ റവന്യൂ നമ്പർ സർക്കുലർ പ്രകാരവും തുടർന്ന് നൽകിയ സ്പഷ്ടീകരണ പ്രകാരവും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സ്വകാര്യവ്യക്തികൾ പാടങ്ങളും തണ്ണീർ തടങ്ങളും മണ്ണിട്ട് നികത്തുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അനധികൃത പരിവർത്തനം ശ്രദ്ധയിൽ പ്പെടുന്ന കേസുകളിൽ സെക്ഷൻ 12 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്റ്റോപ് മെമ്മോ നൽകുകയും അനധികൃത പ്രവൃത്തികൾക്ക് ഉപയോഗിച്ച ഉപകരണങ്ങളും വാഹനങ്ങളും പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് രൂപാന്തരപ്പെടുത്തിയ സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർമാർ സെക്ഷൻ 13 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ഇത് സംബന്ധിച്ച പരാതികളിന്മേൽ നടപടികൾ സ്വീകരിക്കാത്തവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ;

(ഡി) പരാതികൾക്കെതിരെ നടപടി സ്വീകരിക്കാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | |
|---|---|
| (ഇ) അനുമതി കൂടാതെ മണ്ണിട്ട് നികത്തിയതും എന്നാൽ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ ഒന്നും നടത്താതിരിക്കുകയും ചെയ്യുന്ന നെൽ വയലുകളും തണ്ണീർത്തടങ്ങളും പൂർവ്വ സ്ഥിതിയിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ? | (ഇ) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ ഭൂമികൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി ജില്ലാ കളക്ടർക്ക് നടപടി കൈക്കൊള്ളുവാനും അതിലേക്ക് ചെലവഴിക്കേണ്ടി വന്ന തുക പ്രസ്തുത ഭൂമിയുടെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയ ശേഷം ഈടാക്കുവാനും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 ജില്ലാ കളക്ടർമാർക്ക് അധികാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ